"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട ഇളമണ്ണൂർ ഗോവിന്ദ മെമ്മോറിയൽ യു.പി. സ്കൂളിലെ എൽ.പി.എസ്.എ. ആയ ശ്രീമതി മനോരമ ആർ. ഫയൽ ചെയ്ത റിട്ട് ഹർജി 27145/2025 കേസിലെ 28/07/2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10302/2025/GEDN തീയതി,തിരുവനന്തപുരം, 16-12-2025

പരാമർശം:-

1. ശ്രീമതി മനോരമ ആർ. സമർപ്പിച്ച 02/07/2025-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി7)
2. റിട്ട് ഹർജി 27145/2025 കേസിലെ 28/07/2025 തീയതിയിലെ വിധിന്യായം.
3. അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/08/2025-ലെ AEOADR/594/2025-C നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19/09/2025-ലെ എഫ്3/17591/2025/ഡിജിഇ നമ്പർ കത്ത്.
5. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 20/09/2025-ലെ DDEPTA/4697/2024-B1 നമ്പർ കത്ത്
6. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30/10/2025-ലെ DEOPTA/757/2025-B1 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ഇളമണ്ണൂർ ഗോവിന്ദ മെമ്മോറിയൽ യു.പി. സ്കൂളിലെ എൽ.പി.എസ്.എ. ആയ ശ്രീമതി മനോരമ ആർ. ഫയൽ ചെയ്ത റിട്ട് ഹർജി 27145/2025 കേസിലെ 28/07/2025 തീയതിയിലെ വിധിന്യായത്തിൽ എക്സിബിറ്റ് പി7 റിവിഷൻ ഹർജി പരിശോധിച്ച് 4 മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുവാൻ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. ഭൂതങ്കര ജി.പി.എം.യു.പി.എസ്. ലെ ശ്രീമതി അനിലാജോർജിനെ മാതൃസ്കൂളിൽ പ്രവേശിപ്പിക്കുന്നതിനായി ടി സ്കൂളിലെ ഏറ്റവും ജൂനിയർ ആയിട്ടുള്ള ശ്രീമതി മായ ഗോപിനാഥിനെ പുനർവിന്യസിക്കുന്നതിന് പകരം ഹർജിക്കാരിയെ പുനർവിന്യസിച്ച നടപടി പുന:പരിശോധിക്കണം എന്നും മാതൃ സ്കൂളിലെ എൽ.പി.എസ്.എ. ഒഴിവിൽ ടിയാളെ തിരികെ നിയമിക്കണം എന്നതുമാണ് ഹർജിയിലെ ആവശ്യം. ഹർജിക്കാരി ഈ വിഷയത്തിൽ സർക്കാരിൽ വസ്തുതകൾ/റിപ്പോർട്ട് ലഭ്യമാക്കിയിരുന്നില്ല.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ പറയും പ്രകാരമാണ്.

അടൂർ ഉപജില്ലയിലെ ഭൂതങ്കര ജി.പി.എം.യു.പി.എസ്. ലെ എൽ.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി അനില ജോർജ് 01/01/2020 മുതൽ 31/12/2024 വരെ ശൂന്യവേതനാവധിയിൽ തുടരവേ ടിയാൾ അവധി റദ്ദ് ചെയ്ത് 03/12/2024 ന് തിരികെ ജോലിയിൽ പ്രവേശിക്കുവാനുള്ള അപേക്ഷ മാനേജർ, പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ സമർപ്പിച്ചു. അദ്ധ്യാപികയെ സേവനത്തിൽ പുനപ്രവേശിപ്പിക്കുന്നതിന് സ്കൂളിൽ എൽ.പി.എസ്.റ്റി, യുപി.എസ്.റ്റി. ഒഴിവുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ സ്കൂളിലെ എൽ.പി.എസ്.റ്റി തസ്തികയിലെ ഏറ്റവും ജൂനിയർ അദ്ധ്യാപികയെ പുനർ വിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് മാനേജർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിലെ ജൂനിയർ എൽ.പി.എസ്.റ്റി ആയിട്ടുള്ള ശ്രീമതി മനോരമ ആർ. നെ പന്തളം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിലുള്ള പെരുമ്പുളിക്കൽ എസ്.വി.എൽ.പി. സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കിയത് മൂലം നിലനിന്ന എൽ.പി.എസ്.റ്റി ഒഴിവിലേക്ക് പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറകടർ പുനർവിന്യസിക്കുകയുണ്ടായി.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി മനോരമ ആർ. ഡയറക്ടറുടെ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചിരുന്നു. ഭൂതങ്കര ജി.പി.എം.യു.പി.എസ്. ലെ ശ്രീമതി അനിലാജോർജിനെ മാതൃസ്കൂളിൽ പ്രവേശിപ്പിക്കുന്നതിനായി ടി സ്കൂളിലെ ഏറ്റവും ജൂനിയർ ആയിട്ടുള്ള ശ്രീമതി മായ ഗോപിനാഥിനെ പുനർവിന്യസിക്കുന്നതിന് പകരം ഹർജിക്കാരിയെ പുനർവിന്യസിച്ച നടപടി പുനപരിശോധിക്കണം എന്നും മാതൃ മാതൃ സ്കൂളിലെ എൽ.പി.എസ്.ഒ. ഒഴിവിൽ ടിയാളെ തിരികെ നിയമിക്കണം എന്നതുമാണ് ഹർജിക്കാരിയുടെ ആവശ്യം.

ശൂന്യവേതനാവധി റദ്ദാക്കി തിരികെ സേവനത്തിൽ പ്രവേശിച്ച ശ്രീമതി അനില ജോർജ്ജ് 31/12/2024 ന് ശേഷം സ്കൂളിൽ ജോലിക്ക് ഹാജരായിട്ടില്ല എന്നും, സ്കൂളിൽ ഹാജരാകുവാൻ സ്കൂൾ എച്ച്.എം. രജിസ്റ്റേർഡ് ആയി നല്കിയ കത്ത് ശ്രീമതി അനില ജോർജ്ജ് കൈപ്പറ്റിയിട്ടില്ല എന്നും, ശ്രീമതി അനില ജോർജ്ജ് ഇന്ത്യ വിട്ട് പുറത്ത് പോയെന്നും സ്കൂൾ മാനേജർ അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി അനില ജോർജ്ജിനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് മുൻകൂർ അനുമതി ആവശ്യപ്പെട്ട് മാനേജർ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ കെ.ഇ.ആർ.അദ്ധ്യായം 14 എ 74 പ്രകാരം ഡി.ഇ.ഒ. 23/08/2025 തീയതിയിലെ DEOPTA/636/2025-B1 നമ്പർ കത്ത് പ്രകാരം പിരിച്ചു വിടുന്നതിനുള്ള മുൻകൂർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മാനേജരുടെ 25/08/2025 തീയതിയിലെ 74/2025 -26 നമ്പർ കത്ത് പ്രകാരം 30/12/2024 പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പിരിച്ചു വിട്ടതായി അറിയിച്ചിട്ടുണ്ട്. ടി ഒഴിവിലേക്ക് ടി സ്കൂളിലെ സംരക്ഷിതാദ്ധ്യാപികയായ ശ്രീമതി മനോരമ ആർ.നെ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ 25/09/2025 തീയതിയിലെ DDEPTA/1957/2025- B1 ഉത്തരവ് പ്രകാരം എൽ.പി.എസ്.ടി. തസ്തികയിൽ തിരികെ സേവനത്തിൽ പ്രവേശിപ്പിച്ചതായും ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം(6) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീറുടെ റിപ്പോർട്ട് പ്രകാരം ഹർജിക്കാരിയുടെ ആവശ്യം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ആയതിനാലാവണം സർക്കാരിലേക്ക് ടിയാൾ റിപ്പോർട്ട് സമർപ്പിക്കാതിരുന്നത്. ഹർജിയിലെ ആവശ്യം പരിഹരിക്കപ്പെട്ടതിനാൽ ഈ വിഷയത്തിൽ സർക്കാരിൽ നിന്നും തുടർനടപടി ആവശ്യമില്ല.

ആയതിനാൽ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25/09/2025 തീയതിയിലെ DDEPTA/1957/2025- B1 ഉത്തരവ് ശരിവച്ചുകൊണ്ട് എക്സിബിറ്റ് പി7 തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. മേൽപ്രകാരം ഇളമന്നൂർ ഗോവിന്ദ മെമ്മോറിയൽ യു.പി. സ്കൂളിലെ എൽ.പി.എസ്.എ. ആയ ശ്രീമതി മനോരമ ആർ. ഫയൽ ചെയ്ത റിട്ട് ഹർജി 27145/2025 കേസിലെ 28/07/2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി മനോരമ ആർ., എൽ.പി.എസ്.എ., ഗോവിന്ദ പിള്ള മെമ്മോറിയൽ യു.പി. സ്കൂൾ, ഭൂതംകര, ഇളമണ്ണൂർ, അടൂർ, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവല്ല, പത്തനംതിട്ട-689 101.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല, പത്തനംതിട്ട-689 101.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അടൂർ, പത്തനംതിട്ട-691 523.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/155/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
സെക്ഷൻ ഓഫീസർ
Date: 17-12-2025 10:38:13